**Malayala Manorama**

**28 August 2018**

**Aroor, Palluruthy, Fortkochi, Kochi, Flood Relief**

# ദുരിതാശ്വാസ സഹായം നൽകി

**അരൂർ** ● ചന്തിരൂർ ഗവ. ഹയ സെക്കൻഡറി സ്കൂൾ പൂർവ ദ്യാർഥി കൂട്ടായ്മയുടെ നേത ത്വത്തിൽ ദുരിതാശ്വാസനി കൈമാറലും പൂർവ വിദ്യാർഥ കൾക്കുള്ള സഹായ വിതരണ വും നടത്തി. മുഖ്യമന്ത്രിയുടെ രിതാശ്വാസ നിധിയിലേക്കുള 25,000 രൂപ എ.എം. ആരിഫ് എ എൽഎക്കു കൈമാറി.

പ്രളയം മൂലം ദുരിതം അനു വിച്ച പൂർവ വിദ്യാർഥി ജയന്തിക്ക 25,000 രൂപയുടെ ഫർണിച്ചർ വിത രണം ചെയ്തു. കൂടാതെ രോഗ ങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന പൂർവ വിദ്യാർഥികളായ ഷൈല ജ, മജീദ് എന്നിവർക്കും 25,000 രൂപ വീതം നൽകി. ചെയർമാൻ കെ.ടി മദനൻ അധ്യക്ഷത വഹിച്ചു. കെ .എ. കുഞ്ഞച്ചൻ, ടി.പി. ആന്റണി, ചന്തിരൂർ ദിവാകരൻ, എഫ്. സുധ, ഇ.ഇ. ഇഷാദ്, പി.ആർ. ഷൺമുഖ ദാസ്, എം.ടി. കൃഷ്ണദാസ്, ജയ ന്തി എന്നിവർ പ്രസംഗിച്ചു.

**പള്ളുരുത്തി** ● പ്രളയ ദുരിത ബാധിതരെ സഹായിക്കുന്നതിനു കുമ്പളങ്ങി നോർത്ത് സെന്റ് ജോസഫ് ഇടവകാംഗങ്ങൾ സമാഹരിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. 2,75,851 രൂപയുടെ ചെക്ക് തഹസിൽദാർ കെ.വി. അംബ്രോസിന് വികാരി ഫാ. ജോയി ചക്കാലക്കൽ കൈമാറി.

ഡപ്യൂട്ടി തഹസിൽദാർ ജോസഫ് ആന്റണി ഹെർട്ടിസ്, കൊച്ചി രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. വർഗീസ് ചെറുതിയിൽ, ഫാ. ഇഗ്നേഷ്യസ് വലിയവീട്ടിൽ, ഫാ. ജോണി കണ്ണികാട്ട്, സിസ്റ്റർ ആനിമോൾ, ജെൻസൺ നെടുവേലി, ജോൺസൺ പഴേരി, നിഷാ ജോബോയ് തുടങ്ങിയവർ പ്രസംഗിച്ചു.

**തോപ്പുംപടി** ● വാലുമ്മേൽ ഈസ്റ്റ് റസിഡന്റ്സ് അസോസിയേഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സമാഹരിച്ച 60,000 രൂപയുടെ ചെക്ക് മന്ത്രി എ.സി. മൊയ്തീനു കൈമാറി. കെ.ജെ. മാക്സി എംഎൽഎ, പ്രസിഡന്റ് പി.ജെ. ജോസഫ്, സെക്രട്ടറി കെ. രാധാകൃഷ്ണൻ, പി.പി. ഫ്രാൻസീസ് എന്നിവർ ചേർന്നാണു ചെക്ക് കൈമാറിയത്.

**ഫോർട്ട്കൊച്ചി** ● നൂറാം ജന്മദിനാഘോഷം മാറ്റിവച്ച് അരലക്ഷം രൂപ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നൽകി. അറക്കൽ എഡ്വിൻ ഫ്രാൻസീസും കുടുംബവുമാണു മാതാവ് റോസി ഫ്രാൻസീസിന്റെ ജന്മദിനത്തിൽ പ്രളയബാധിതരെ സഹായിച്ചു മാതൃക കാട്ടിയത്.

കൊച്ചി രൂപത സമാഹരിക്കുന്ന പ്രളയ ദുരിതാശ്വാസ നിധിയിലേക്കു നൽകാൻ തുക സാന്താക്രൂസ് ബസിലിക്ക റെക്ടർ ഫാ. ജോപ്പൻ അണ്ടിശേരിയെ ഏൽപിച്ചു.

**കൊച്ചി** ● വൈറ്റില ജനത റസിഡന്റ്സ് അസോസിയേഷൻ ഓണാഘോഷം ഉപേക്ഷിച്ചു തുക ദുരിതാശ്വാസ പ്രവർത്തനത്തിനു നൽകാൻ തീരുമാനിച്ചതായി സെക്രട്ടറി ടി.എൻ. രാഘവൻ അറിയിച്ചു.